മിസ്റ്റർ പി. കെ. ഡീവർ: ഫ്രഞ്ച്–ൽ അതു നടപ്പിൽ വരുത്തുന്നതിനു വല്ല ആലോചനയുമുണ്ടോ?

മിസ്റ്റർ. സി. എ. ഔസേപ്പ്: ഇപ്പോൾ ഇല്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഫ്രഞ്ച്–ൽ പുതിയതായി വല്ല ആസ്പത്രിയും തുറക്കാൻ ഗവണ്മെണ്ടു ആലോചിക്കുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇല്ല.

PENALTY FOR SMUGGLING OF ARECANUT—PARTICULARS OF

32. (312) **Mr. K. I. Velayudhan** *(Pazhanji)*: Will Government be pleased to state.—

(*a*) how many arecanut merchants in Pazhanji have been assessed to double duty as penalty for alleged smuggling of arecanut to the Indian Union Territory ;

(*b*) what is the total amount of duty thus levied ;

(*c*) whether any or all of them have paid the duty ;

(*d*) whether any one of them has applied for remission ;

(*e*) if so, their names and the respective amounts involved ;

(*f*) when these fines were levied, and the reason for this long delay in keeping these cases pending ?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) None.

(*b*) to (*f*) Do not arise in view of the answer to (*a*) above.

മിസ്റ്റർ കെ. ഐ. വേലായുധൻ: അടക്കാകച്ചവടക്കാർ ഇന്ത്യൻ യൂണിയൻ പ്രദേശങ്ങളിലേക്കു അടക്ക കടത്തിയിട്ടില്ലെന്നാണോ ഗവണ്മെണ്ടിന്റെ അറിവു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കടത്തിയിട്ടുണ്ടാവാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അങ്ങിനെ കടത്തിയിട്ടുണ്ടെന്നു കടലാസുകളിൽ റിപ്പോർട്ടു ചെയ്തിട്ടുള്ളതു് ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നമ്മുടെ നാട്ടിലെ അടയ്ക്ക അധികവും വിറ്റഴിക്കുന്നതു കൊച്ചിക്കു പുറത്താണു". അതുകൊണ്ടു കടത്തിയിട്ടുണ്ടാകാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇവിടത്തെ നികുതിയിൽനിന്നും രക്ഷ കിട്ടുവാൻ വേണ്ടി അടയ്ക്ക സൂത്രത്തിൽ ബ്രിട്ടീഷിലേക്കു കടത്തുന്നതായി ഗവണ്മെണ്ടിനറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സു വേണം.

SITARAM CASE—INVESTIGATION OF

33. (143) **Mr. P. K. Krishnankutty Menon** *(Vellarappilli)*: Will Government be pleased to state.—

(*a*) whether the investigation by the Police into the so-called "Sitaram case" is over and if so, when it was completed ;

(*b*) whether charges have been framed against the persons concerned and prosecution launched ; if not, the reasons for the delay ?

Mr. E. Ikkanda Warriar *(Prime Minister)*:

(*a*) Yes. Investigation was over before 20th September 1948.

(*b*) No. Leave of the Hon'ble High Court to file a charge- sheet has been prayed for on 20th September 1948 and the petition was heard by the Honble Chief Justice and then referred to a Full Bench.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഈ കേസ്സിൽപ്പെട്ട ആളുകളെ അറസ്റ്റു ചെയ്തതു് എന്നാണു" ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സു വേണം.

മിസ്റ്റർ. ഇട്ട്യേര അയ്യക്കൻ: അതിനു" ഇത്ര കാലതാമസമുണ്ടാകുന്നതെന്താണു"?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇൻവെസ്റ്റിഗേഷൻ ചാർജ്ജു് തയ്യാറായിട്ടില്ല. ഇതിനിടയിൽ വല്ല അനേഷണവും വേണ്ടിവന്നാൽ അതു നടത്താവുന്ന കഴിവുവെച്ചു പറഞ്ഞു എന്നു മാത്രമേയുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: അറസ്റ്റു ചെയ്ത ആളുകളെ സംബന്ധിച്ചിടത്തോളം ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞു എന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഇപ്പോൾ പറഞ്ഞ മറുപടിയിൽനിന്നു അവരെ സംബന്ധിച്ചു വേറെയും കേസ്സു വരുമെന്നാണോ വിചാരിക്കേണ്ടതു"?

LIBRARY ARCHIVES Kerala Legislative Assembly